## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 185 18.12.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ,<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ,<br>ശ്രീ. എ.റ്റി. ജോർജ്,<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | (എ) അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നയപ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; | (ബി) സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖയായ സ്മാൾ ഹൈഡ്രോ പോളിസി 2012 ലെ ചില സുപ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>• 25 മെഗാവാട്ടിന് താഴെയായിരിക്കണം പദ്ധതിയുടെ ശേഷി.<br>• 30 വർഷത്തേയ്ക്ക് BOOT (Build Own Operate Transfer) വ്യവസ്ഥയിലാണ് പദ്ധതികൾ നൽകുക.<br>• പങ്കെടുക്കുന്നവർ വാഗ്ദാനം ചെയ്യുന്ന പരമാവധി "അപ്പ് ഫ്രണ്ട് പ്രീമിയം" (upfront premium) ആയിരിക്കും മത്സരത്തിന്റെ അടിസ്ഥാനം.<br>• ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പദ്ധതി നടപ്പിലാക്കാനായി 30 വർഷത്തേയ്ക്ക് സ്ഥലം സംരംഭകർക്ക് കൈമാറുന്നതിയിരിക്കും. അതിനായി കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് നൽകേണ്ടതായിട്ടുണ്ട്. |

- ഇത്തരം പദ്ധതികളിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിനായുള്ള പ്രഥമാവസരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി ബോർഡിന് ആയിരിക്കും
- വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങുന്നില്ലെങ്കിൽ സ്വകാര്യ സംരംഭകർക്ക് ഓപ്പൺ ആക്സസ്സ് വഴി മറ്റു സ്ഥാപനങ്ങൾക്ക് വൈദ്യുതി വിൽക്കാനുള്ള അവസരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിക്കും.
- തദ്ദേശ സ്വയംഭരണ സംരംഭകർക്ക് 500 കിലോവാട്ട് വരെയുള്ള മിനി/മൈക്രോ പദ്ധതികളുടെ നടത്തിപ്പിന് മുൻഗണന നൽകും.
- വൈദ്യുതിബോർഡിന്റെ ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകുന്നതിനുള്ള ചെലവും, ഉത്തരവാദിത്വവും സംരംഭകരിൽ നിക്ഷിപ്തമാണ്.

ഈ പദ്ധതികൾ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള 2012 ലെ പുതിയ പോളിസി അനുസരിച്ചായിരിക്കും. പുതുക്കിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ 2012 ലെ പോളിസി ഇതിനോടൊപ്പം അനുബന്ധം I ആയി വച്ചിരിക്കുന്നു.

(സി) എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) 62 പദ്ധതികൾക്ക്.
പുതുക്കിയ മാർഗ്ഗരേഖയായ സ്മാൾ ഹൈഡ്രോ പോളിസി 2012 നടപ്പിൽ വരുന്നതിന് മുമ്പ് 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ വഴി മത്സരാധിഷ്ഠിത ദർഘാസ് (Bid route) കരാറിൽ നടപ്പിലാക്കാൻ 2004 കാലയളവിൽ അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി 2 ആയി ചേർത്തിരിക്കുന്നു.

(ഡി) പദ്ധതി നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദീകരിക്കുമോ;

(ഡി) 25 മെഗാവാട്ടിന് താഴെ ശേഷിയുള്ള പദ്ധതികളിലേയ്ക്ക് സംരഭകരെ മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് തെരഞ്ഞെടുക്കുക. പങ്കെടുക്കുന്നവർ വാഗ്ദാനം ചെയ്യുന്ന പരമാവധി "അപ്പ് ഫ്രണ്ട് പ്രീമിയം" (upfront premium) ആയിരിക്കും മത്സരത്തിന്റെ

അടിസ്ഥാനം. Pre-Qualification ദർഘാസിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികശേഷി നോക്കി Request for Proposal (RFP) ദർഘാസിൽ പങ്കെടുക്കാവുന്നവരെ തിരഞ്ഞെടുക്കുന്നു. RFP ദർഘാസിൽ ഒരു MW ന് 15 ലക്ഷം രൂപയാണ് പദ്ധതി നല്കുന്നതിനുള്ള തറവില (Threshold premium)യായി നിശ്ചയിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ തുക കോട്ട് ചെയ്യുന്ന വ്യക്തിക്ക്/ കമ്പനിക്ക് സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നല്കുന്നതാണ്. പദ്ധതികൾ IPP (Independent Power Project യോ CPP (Captive Power Project) യോ ആയി നടത്താവുന്നതാണ്. 30 വർഷത്തെ BOOT (Build Own Operate Transfer) വ്യവസ്ഥയിലാണ് പദ്ധതികൾ നൽകുക. തദ്ദേശ സ്വയംഭരണ സംരംഭകർക്ക് 500 കിലോവാട്ട് വരെയുള്ള മിനി/മൈക്രോ പദ്ധതികളുടെ നടത്തിപ്പിന് മുൻഗണന നൽകും.

(ഇ) ഉത്പ്പാദിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

(ഇ) സ്വകാര്യ സംരംഭകരുടെ IPP കളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും വാങ്ങുന്നതിനുള്ള പ്രഥമ അവസരം വൈദ്യുതി ബോർഡിന് ആയിരിക്കും. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കിലായിരിക്കും ഇത്തരം വ്യാപാരം. അതുപോലെ CPP പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന അധിക വൈദ്യുതിയും വൈദ്യുതി ബോർഡ് വാങ്ങും. അല്ലാത്ത പക്ഷം സംസ്ഥാനത്തിനകത്തുള്ള ഏതൊരു വ്യക്തിയ്ക്കോ സ്ഥാപനത്തിനോ വൈദ്യുതി വിൽക്കുന്നതിനുള്ള ഓപ്പൺ അക്സസ് സംവിധാനം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു കൊടുക്കും. മാത്രമല്ല മഴക്കാലത്ത് ഉപഭോഗത്തെക്കാൾ കൂടുതലായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി KSEB യിലേക്ക് 'ബാങ്ക്'' ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. ഇങ്ങനെ ബാങ്ക് ചെയ്ത വൈദ്യുതി തിരിച്ചു നല്കുമ്പോൾ അതാതു സമയത്തെ KSEB യുടെ pooled purchase price ന്റെയും ബാങ്ക് ചെയ്ത സമയത്തുള്ള വിലയുടെയും വ്യത്യാസം നല്കേണ്ടതാണ്.

A -

ഇന്റിപെന്റന്റ് പവർ പ്രൊഡ്യൂസർ (IPP) വിഭാഗത്തിലാണെങ്കിൽ വൈദ്യുതി KSEB യ്ക്ക് KSERC നിശ്ചയിക്കുന്ന വിലയ്ക്ക് വിൽക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ നടപടികളെല്ലാം 2012 ലെ പുതിക്കിയ പോളിസി പ്രകാരമായിരിക്കും.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**